Std. 5 - Chapter 9 - Revision - Main points

# പാഠം 9: ഉടമ്പടിയുടെ ജനം

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | 1. ഇസ്രായേൽക്കാർ ചെയ്ത ഏറ്റവും വലിയ പാപമെന്ത്? | വിഗ്രഹാരാധന |
| 2 | 2. ദൈവം നൽകിയ കല്പലകകൾ മോശ തകർത്തതെന്തുകൊണ്ട്? | മോശ കൈകളിൽ രണ്ട് ഉടമ്പടിഫലകങ്ങളുമായി താഴേയ്ക്കിറങ്ങിവന്നപ്പോൾ കാളക്കുട്ടിയെയും ഇസ്രായേൽക്കാർ നൃത്തം ചെയ്യുന്നതും കണ്ടു. അവന്റെ കോപം ആളിക്കത്തി. ദൈവത്തിന്റെ സ്വന്തം ജനമായ ഇസ്രായേൽ ചെയ്ത വലിയ തെറ്റ് മോശയ്ക്ക് സഹിക്കാനായില്ല. അതുകൊണ്ടാണ് ദൈവം നൽകിയ കല്പലകകൾ മോശ തകർത്തത്. |
| 3 | ഇസ്രായേൽജനം ചെയ്ത പാപത്തിനു പരിഹാരം ചെയ്തത് ആരാണ്? | മോശ |
| 4 | മോശ ഇസ്രായേൽക്കാർക്കുവേണ്ടി ദൈവത്തോടു കേണപേക്ഷിച്ചു. അവരുടെ തെറ്റിനുള്ള ശിക്ഷ സ്വയം ഏൽക്കാൻ തയ്യാറായി. ദൈവം അവരോട് ക്ഷമിച്ചു. അതിനുശേഷം കർത്താവ് മോശയോട് അരുളിച്ചെയ്തത് എന്താണ്? | ആദ്യത്തേതുപോലുള്ള രണ്ടു കല്പലകകൾ ചെത്തിയെടുക്കുക. നീ ഉടച്ചുകളഞ്ഞ പലകകളിലുണ്ടായിരുന്ന വാക്കുകൾ തന്നെ ഞാൻ അതിൽ എഴുതാം. അങ്ങനെ മോശ തകർത്തുകളഞ്ഞ കല്പലകകൾക്കു പകരം അതുപോലുള്ള വേറെ രണ്ടു കല്പലകകളിൽ ദൈവം വീണ്ടും പ്രമാണങ്ങൾ നൽകി. |
| 5 | 3. ഉടമ്പടിയുടെ ജനത്തിന്റെ പ്രത്യേകതകൾ ഏവ? | 1. ദൈവത്തിന്റെ സ്വന്തം ജനമായിത്തീർന്നു. 2. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനമായിത്തീർന്നു. 3. ദൈവത്താൽ നയിക്കപ്പെടുന്ന ജനമായിത്തീർന്നു. 4. ദൈവത്തിനു ബലിയർപ്പിക്കുന്ന പുരോഹിതജനമായിത്തീർന്നു. |
| 6 | ഇസ്രായേൽക്കാരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ഏത്? ഇസ്രായേൽക്കാരുടെ എല്ലാത്തരം ബന്ധങ്ങൾക്കും അടിസ്ഥാനമായി നിലകൊണ്ടത് എന്ത്? മോശയുടെ നിയമത്തിന്റെ രത്നച്ചുരുക്കം എന്ത്? | ദൈവം മോശവഴി നൽകിയ കല്പനകൾ |
| 7 | 4. പത്തുകൽപനകൾ എന്തുകൊണ്ടാണ് മോശയുടെ നിയമം എന്നറിയപ്പെടുന്നത്? | പത്തുകൽപനകൾ ദൈവം മോശവഴി നൽകപ്പെട്ടതിനാൽ അവ മോശയുടെ നിയമം എന്ന് അറിയപ്പെടുന്നു. |
| 8 | 5. പുതിയ ഇസ്രായേലായ സഭയിൽ എത്ര തരം കല്പനകളുണ്ട്? | പുതിയ ഇസ്രായേലായ സഭയിൽ രണ്ടുതരം കല്പനകളുണ്ട്. ഒന്നാമത്തേത് ദൈവപ്രമാണങ്ങൾ. രണ്ടാമത്തേത് തിരുസഭയുടെ കല്പനകൾ. |
| 9 | എന്തുകൊണ്ടാണ് നാം രണ്ടുതരം കല്പനകൾ അനുസരിക്കേണ്ടത്? | ദൈവമക്കളെന്ന നിലയിൽ ദൈവകല്പനകൾ നാം അനുസരിക്കണം. ഈശോ സ്ഥാപിച്ച തിരുസഭയിലുള്ള നിയമങ്ങൾ സഭയുടെ സന്താനങ്ങൾ എന്ന നിലയിൽ നാം പാലിക്കണം. |
| 10 | 6. ദൈവകല്പനകൾ നമ്മെ സഹായിക്കുന്നതെങ്ങനെ? | ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ വിധത്തിൽ ജീവിക്കാൻ ഈ കല്പനകൾ നമ്മെ സഹായിക്കും. ശരിയായ വഴി ഏതാണെന്ന് നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നത് കല്പനകളാണ്. അവ അനുസരിച്ചാൽ ജീവനിലേയ്ക്കും ലംഘിച്ചാൽ നാശത്തിലേയ്ക്കും നാം എത്തിച്ചേരും. |
| 11 | ''ഞങ്ങളുടെ കുറ്റങ്ങളും പാപങ്ങളും ക്ഷമിക്കുകയും ഞങ്ങളെ അങ്ങയുടെ സ്വന്തമായി സ്വീകരിക്കുകയും ചെയ്യണമേ'' ഏതു ബൈബിൾ വാക്യമാണിത്? | പുറപ്പാട് 34:9 |